വർഷവും മേയ്, നവംബർ മാസങ്ങളിൽ കൊടുത്തുവരുന്നു. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള വായ്പയുടെ പലിശ ഏപ്രിൽ-ഒക്ടോബർ മാസങ്ങളിൽ കൊടുത്തുവരുന്നു.

148 (1692) ലോഡ് ഷെഡ്ഡിംഗ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് നടപ്പാക്കിയതെന്നാണ്;

(ബി) അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ്കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതിയുടെ ലാഭം ഉണ്ടാകും;

(സി) കെ.എസ്.ഇ.ബി. യുടെ ലോഡ് ഡെസ്പാച്ച് സെന്റർ ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാമെന്ന് ബോർഡിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ കൈക്കൊണ്ട നടപടിയെന്തെല്ലാം?

ഉത്തരം

(എ)&(ബി) 7.1.1996 മുതൽ ഇപ്പോൾ നിലവിലുള്ള ലോഡ്ഷെഡിംഗ് കൊണ്ട് (ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള സ്ഥലങ്ങളിൽ) വൈദ്യുതിയുടെ ഉപയോഗത്തിൽ ഏകദേശം 50 മെഗാവാട്ടിന്റെ കുറവുണ്ടാകും.

(സി)&(ഡി) സംസ്ഥാനത്ത് പുതുതായി പല വൈദ്യുത പദ്ധതികളും നിലവിൽ വന്നതുമൂലം ഉൽപാദനവും ലഭ്യതയും കണക്കിൽ എടുക്കുമ്പോൾ മൺസൂൺ കാലത്ത് ഉപഭോഗത്തിൽ കുറവ് വരുന്നതിനാൽ ലോഡ് ഷെഡിംഗ് പിൻവലിക്കാനുള്ള സാഹചര്യമാണ് നിലവിൽ വന്നിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾ നിലവിലുള്ള പ്രസരണ വിതരണ ശൃംഖലയിലുള്ള പരിമിതികൾമൂലം (ലൈൻ ഓവർ ലോഡിംഗ്, ട്രാൻസ്ഫോർമർ ഓവർ ലോഡിംഗ്) പീക്ക് ലോഡ് സമയത്ത് എല്ലായിടത്തും തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ പ്രയാസമാണ്. ഈ വസ്തുതയാണ് ലോഡ് ഡെസ്പാച്ച് സെന്റർ ബോർഡിനെ അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പൊതു അവധി ദിവസങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ തീരുമാനിച്ച് ബോർഡ് ഉത്തരവായിട്ടുണ്ട്.

149 (1693) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 1966-ലെ ജനറൽ താരിഫ് റഗുലേഷൻ ഭേദഗതി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 1966-ലെ ജനറൽ താരിഫ് റെഗുലേഷൻ എത്ര പ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിലാണ് ഭേദഗതി ചെയ്തതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly